**File No.RCS/5155/2020-CP(3)**

സി.പി (3)5155/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 16.10.2020

**സർക്കുലർ നമ്പർ 72/2020**

വിഷയം:- പച്ചക്കറികൾ Agriculture Incentive Price, Minimum Support Price ഉൾപ്പെടെ സംഭരിച്ച് വിൽക്കുന്നത് - സംബന്ധിച്ച്.

സൂചന:- സഹകരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 06.10.2020 ന് നടന്ന ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ വീഡിയോ കോൺ ഫറൻസ് തീരുമാനം.

ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 06.10.2020 ന് നടന്ന ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ വീഡിയോ കോൺഫറൻസ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നവംബർ 1 ന് സംസ്ഥാനത്ത് ഉടനീളം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് കീഴിൽ പച്ചക്കറി വിൽപന ശാലകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ടി പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(General)മാർ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സംസ്ഥാനത്ത് ഉടനീളം ടി പദ്ധതിയിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതായി ജില്ലകളിൽ നിന്നും നൽകിയിട്ടുള്ള 279 പച്ചക്കറി വിൽപന ശാലകൾ താഴെ പറയുന്ന പട്ടിക പ്രകാരം ആരംഭിക്കുവാൻ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. .

| SL No. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 13 |
| 2 | കൊല്ലം | 8 |
| 3 | ആലപ്പുഴ | 18 |
| 4 | പത്തനംതിട്ട | 20 |
| 5 | കോട്ടയം | 25 |
| 6 | ഇടുക്കി | 16 |
| 7 | എറണാകുളം | 35 |
| 8 | തൃശ്ശൂർ | 72 |
| 9 | പാലക്കാട് | 10 |
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 18 |
| 14 | കാസർഗോഡ് | 18 |
| | ആകെ | 279 |

2. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സംഘങ്ങൾക്ക് നഷ്ടം ഉണ്ടാകാത്ത രീതിയിൽ ടി പച്ചക്കറി ശാലകളുടെ പ്രവർത്തനം നടത്തേണ്ടതാണ്.
3. പച്ചക്കറി വില്പന ശാലകൾക്ക് പൊതുവായ പ്രത്യേക തിരിച്ചറിയൽ ബോർഡുകൾ ഈ ആഫീസിൽ നിന്ന് നൽകുന്ന ഏകീകൃത കളർ കോഡ്, ബ്രാൻഡ് എന്നിവ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിൽ തയ്യാറാക്കി സ്ഥാപിക്കേണ്ടതാണ്.
4. മേൽ പച്ചക്കറി വിൽപന ശാലകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനും പഞ്ചായത്തിലെ കൃഷി ആഫീസർ, പഞ്ചായത്ത് സെക്രട്ടറി, സഹകരണ സംഘം സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
5. പ്രാദേശികമായി കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കഴിവതും ശേഖരിച്ച് വിൽപന നടത്തേണ്ടതാണ്.
6. ആരംഭിച്ച സ്ഥാപനങ്ങളുടെ പട്ടിക നവംബർ.1 ന് മുൻപ് (creditprimariesrcs@gmail.com)ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.ഓരോ ജില്ലയിലും ആരംഭിച്ചിട്ടുള്ള പച്ചക്കറി വിൽപന ശാലകളുടെ വിശദ വിവരം, ടി പച്ചക്കറി ശാലകളുടെ പ്രതിമാസ വരവു ചിലവ് കണക്ക്, ലാഭ നഷ്ടക്കണക്ക് എന്നിവ പരിശോധിച്ച് എല്ലാമാസവും അയച്ചു തരേണ്ടതാണ്. വിൽപന ശാല മുഖാന്തിരം സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളുടെ എണ്ണം 100 ദിവസത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്. പച്ചക്കറി സംഭരണ ശാലകൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ ജില്ലകളിൽ സംഘടിപ്പിക്കുന്നതിന് SC/ST അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നെ ജില്ലാ നോഡൽ ആഫീസറായി ചുമതലപ്പെടുത്തുന്നു.

7.കൃഷി വകുപ്പുമായി ബന്ധപ്പെട്ട തറ വില പദ്ധതി രൂപ രേഖ അംഗീകരിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർ നിർദ്ദേശങ്ങൾ നൽകുന്നതാണ്

ഒപ്പ്
ഡോ.നരസിംഹഗരി റ്റി.എൽ.റെഡ്ഡി ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

File No.RCS/5155/2020-CP(3)

പകർപ്പ്:-

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ വകുപ്പ് സെക്രട്ടറി(ഉപരിപത്രം സഹിതം)
3. സഹകരണ ആഡിറ്റ് ഡയറക്ടർ
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും(ജനറൽ)
5. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും(ആഡിറ്റ്)
6. എല്ലാഅസിസ്റ്റന്റ്രജിസ്ട്രാർ(ജനറൽ/അസിസ്റ്റന്റ് ഡയറക്ടർമാർക്കും(ജോയിന്റ് രജിസ്ട്രാർ (ജനറൽ) & ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന
7. എല്ലാ സഹകരണ സംഘങ്ങൾക്കും (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി പി)